LIBRARY ARCHIVES Kerala Legislative Assembly

## ഊർജ്ജ രംഗത്ത് ലഭിച്ച പുരസ്കാരങ്ങൾ

33 (2234) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഊർജ്ജ രംഗത്ത് പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത രംഗത്ത് ലഭിച്ച അംഗീകാരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇവ ലഭിക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

### ഉത്തരം

(എ) ഉണ്ട്. ദേശീയ-സംസ്ഥാന തലങ്ങളിൽ ഊർജ്ജ രംഗത്ത് പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 2013-14-ൽ നടത്തിയിട്ടുള്ള ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ട് ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി ഏർപ്പെടുത്തിയ ബെസ്റ്റ് ഡിസ്പ്ലോം വിഭാഗത്തിലുള്ള അവാർഡും എനർജി മാനേജ്മെന്റ് സെന്റർ ഏർപ്പെടുത്തിയ സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡും കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്. കേന്ദ്ര ഊർജ്ജ മന്ത്രാലയം ഏർപ്പെടുത്തിയ ദേശീയ ഊർജ്ജ സംരക്ഷണ അവാർഡിൽ സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി വിഭാഗത്തിൽ 2012, 2013 എന്നീ വർഷങ്ങളിൽ രണ്ടാം സ്ഥാനവും 2014-ൽ ഒന്നാം സ്ഥാനവും എനർജി മാനേജ്മെന്റ് സെന്ററിന് ലഭിച്ചിട്ടുണ്ട്. 2014-ൽ കൗൺസിൽ ഓഫ് പവർ യൂട്ടിലിറ്റീസ് ഏർപ്പെടുത്തിയ ഇന്ത്യ പവർ അവാർഡും 2015-ൽ പീക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി, സമയബന്ധിതമായി ലക്ഷ്യം കൈവരിച്ചതിന് കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയം ഏർപ്പെടുത്തിയ അവാർഡും എനർജി മാനേജ്മെന്റ് സെന്ററിന് ലഭിച്ചു.

(സി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 1.95 കോടി രൂപ സർക്കാർ 2014-15 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി.-ക്ക് അനുവദിച്ചതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ഭരണതലത്തിൽ എടുത്ത നടപടികൾ:- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എസ്കോട്ട് എന്ന പ്രത്യേക വിഭാഗം രൂപീകരിച്ചു.

ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകൾ :- കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ 2011 ഇലക്ട്രിക്കൽ സബ്ഡിവിഷനുകൾ കേന്ദ്രീകരിച്ച് ഉപഭോക്താക്കൾക്കിടയിലും സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കിടയിലും റസിഡൻഷ്യൽ അസോസ്സിയേഷൻ മുഖേനയും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങളുപയോഗിക്കുന്നത് സംബന്ധിച്ചുമുള്ള ബോധവത്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

വൈദ്യുതി സ്വയം പര്യാപ്തത:- മലപ്പുറം ജില്ലയിലെ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കിടയിലും ഊർജ്ജ സംരക്ഷണ ബോധവത്കരണ പ്രവർത്തനങ്ങൾ നാഷണൽ സർവ്വീസ് സ്കീമുമായി സഹകരിച്ച് നടത്തിവരുന്നു. എനർജി മാനേജ്മെന്റ് സെന്ററിന്റെ വാർഷിക പദ്ധതികളിൽ ഊർജ്ജ സംരക്ഷണ രംഗത്ത് വൈവിദ്ധ്യങ്ങളായ പരിപാടികൾ നടപ്പിലാക്കുന്നതിനായി പദ്ധതികൾ രൂപീകരിക്കുകയും ഭരണാനുമതി ലഭ്യമായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യുന്നു. ഓരോ മേഖലകൾക്കും അനുയോജ്യമായ പദ്ധതികളാണ് നടപ്പിൽ വരുത്തുന്നത്. ഇതിന് സഹായകമായ സർക്കാർ ഉത്തരവുകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പുറപ്പെടുവിക്കുന്നുണ്ട്.

## മീറ്റർ റീഡിംഗ് ലാബിന്റെ പ്രവർത്തനം

34 (2235) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വൈദ്യുതി വകുപ്പിന് കീഴിൽ മീറ്റർ റീഡിങ്ങ് ലാബിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മീറ്റർ റീഡിങ്ങ് ലാബിന്റെ പ്രവർത്തനം ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly